(സി) ഐ. ടി. ഐ. ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റുവാൻ ആലോചിക്കുന്നില്ല.

(ഡി) പ്രസ്തുത ഐ. ടി. ഐ.-യിലെ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അവിടെയുള്ള പഴയ 16 ട്രേഡുകളുടെ അഫിലിയേഷൻ രേഖകൾ ലഭ്യമല്ലാത്തതിനാൽ, ടി ട്രേഡുകളെ സംബന്ധിച്ചുള്ള മുൻകാല പ്രാബല്യത്തോടെയുള്ള റീ-വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കി അയച്ചുകൊടുത്തിട്ടുണ്ട്. എൻ.സി.വി.റ്റി. സബ് കമ്മിറ്റിയുടെ അടുത്ത മീറ്റിംഗിൽ അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി

92 [3101] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കൊല്ലം ജില്ലയിലെ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30, റീ സർവ്വേ നമ്പർ 158, 159 എന്നിവയിൽപ്പെടുന്ന മൂന്ന് ഏക്കർ സ്ഥലം ചാത്തന്നൂർ ഐ.ടി.ഐ.-യ്ക്ക് കൈമാറുന്നതിന് കൊല്ലം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ.-യുടെ ഹോസ്റ്റൽ കെട്ടിടം

93 [3102] ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തോടനുബന്ധിച്ചുള്ള പുതിയ ഹോസ്റ്റൽ കെട്ടിടം വിദ്യാർത്ഥികൾക്ക് തുറന്നുകൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) പുതിയ ഹോസ്റ്റൽ കെട്ടിടം വിദ്യാർത്ഥികൾക്ക് എന്ന് തുറന്ന് കൊടുക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല. വെള്ളം, വൈദ്യുതി, ഫർണീച്ചർ എന്നിവയുടെ അഭാവമാണ് ഇതിന് കാരണം. ഇവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) വെള്ളം, വൈദ്യുതി, ഫർണീച്ചർ എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ഹോസ്റ്റൽ കെട്ടിടം വിദ്യാർത്ഥികൾക്ക് തുറന്ന് കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly